# നീര 24ന് വിപണിയിൽ

## ● 40 പേരടങ്ങുന്ന ആദ്യത്തെ നീര ടെക്നീഷ്യൻമാരുടെ ബാച്ച് പുറത്തിറങ്ങി

മലപ്പുറം ● ജില്ലയിൽ നീര ഉൽപന്നങ്ങൾ 24ന് വിപണിയിലെത്തും. എടവണ്ണപ്പാറയിലെ ഔട്ട്ലെറ്റിൽ നിന്നുമാണ് നീര, നീര തേൻ, നീര സ്ക്വാഷ്, ചോക്ലേറ്റ് തുടങ്ങി അഞ്ച് ഉൽപന്നങ്ങൾ വിപണിയിലെത്തുക.

മലപ്പുറം കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിക്ക് (എംസിപിസി) കീഴിലുള്ള ചീക്കോട് ഫെഡറേഷന്റെ നേതൃത്വത്തിലാണ് ഉൽപന്നങ്ങളുടെ നിർമാണ വിതരണം. ചീക്കോട് പഞ്ചായത്തിൽ മൂന്നര ഏക്കർ ഭൂമി ഫെഡറേഷൻ ഏറ്റെടുത്തിരുന്നു. ഇവിടെ നീര ഉൽപന്നങ്ങൾക്കായുള്ള ഫാക്ടറിയുടെ നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. നീരകൊണ്ടുള്ള പതിനഞ്ചോളം ഉൽപന്നങ്ങൾ ഫാക്ടറിയിൽ ഉൽപാദിപ്പിക്കും. രണ്ടു മാസത്തിനകം ആദ്യ നീര ബോട്ടിൽ ഫാക്ടറിയിൽനിന്നു പുറത്തിറക്കാനാകുമെന്ന് അധികൃതർ അറിയിച്ചു. ജില്ലയിൽ നീര ഉൽപന്നങ്ങൾ പുറത്തിറക്കാൻ ലൈസൻസ് കിട്ടിയ ഏക പഞ്ചായത്താണ് ചീക്കോട്.

അതേസമയം കേന്ദ്രസർക്കാരിന്റെ നാളികേര വികസന ബോർഡിനു കീഴിലുള്ള ജില്ലയിലെ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയിൽ നിന്നു 40 പേരടങ്ങുന്ന ആദ്യത്തെ നീര ടെക്നീഷ്യൻമാരുടെ ബാച്ച് പുറത്തിറങ്ങി. പരിശീലനം പൂർത്തിയാക്കിയ നീര ടെക്നീഷ്യൻമാർക്ക് പ്രവർത്തന മികവും അധ്വാനവും പരിഗണിച്ച് പ്രതിമാസം 15,000 മുതൽ 40,000 രൂപ വരെ ശമ്പളം ലഭിക്കാനുള്ള അവസരം ഒരുക്കുമെന്ന് എംസിപിസി അറിയിച്ചു.

നീര ഉൽപാദനത്തിനായി ഒരു പഞ്ചായത്തിൽ 1500 തെങ്ങ് ടാപ്പ് ചെയ്യാൻ അവസരം ലഭിച്ചാൽ 150 ടെക്നീഷ്യൻമാർക്ക് ജോലി ലഭിക്കും. ടെക്നീഷ്യൻ ജോലിയിൽ 20 വർഷം പൂർത്തിയാക്കിയാൽ പെൻഷൻ, പിഎഫ്, ഗ്രാറ്റിവിറ്റി, ആരോഗ്യ-അപകട ഇൻഷുറൻസ് തുടങ്ങിയ ആനുകൂല്യങ്ങളും ലഭിക്കും. നീര ടെക്നീഷ്യൻമാർക്ക് പ്രമോഷനായി ഗ്രേഡ് ഏർപ്പെടുത്താനും പദ്ധതിയുണ്ട്. സിലക്ഷൻ, സീനിയർ, മാസ്റ്റർ എന്നിങ്ങനെയാണ് പ്രമോഷൻ. നീര ഉൽപാദനത്തിലൂടെ പ്രതിമാസം 4500 രൂപ വരെ കർഷകനു ലഭിച്ചേക്കും.

### ടാപ്പിങ് കിറ്റ് വിതരണം ചെയ്തു

മലപ്പുറം ● തൊഴിൽരഹിതരായ ലക്ഷക്കണക്കിന് യുവതീയുവാക്കൾക്ക് തൊഴിൽ അവസരം നൽകുന്ന മേഖലയാണ് നീര ഉൽപാദനമെന്നും ഇതുവഴി ജില്ലയിലെ നാളികേര കർഷകരുടെ സാമ്പത്തികഭദ്രത മെച്ചപ്പെടുമെന്നും പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ. നീര ടെക്നീഷ്യൻ പരിശീലനം പൂർത്തിയാക്കിയവർക്കുള്ള ടാപ്പിങ് കിറ്റ് വിതരണം പാണക്കാട്ട് വിതരണം ചെയ്യുകയായിരുന്നു തങ്ങൾ. പ്രകൃതി അനുഗ്രഹിച്ച പോഷകങ്ങൾ അടങ്ങിയ പാനീയമായ നീരയിൽ ആൽക്കഹോളിന്റെ ചെറിയ അംശംപോലുമില്ല. നീര സമൂഹത്തിനിടയിൽ വ്യാപകമാക്കണമെന്നും സാദിഖലി തങ്ങൾ അഭിപ്രായപ്പെട്ടു.

എംസിപിസി ചെയർമാൻ നാസർ പൊന്നാട് ആധ്യക്ഷ്യം വഹിച്ചു. എക്സിക്യൂട്ടീവ് ഡയറക്ടർ എം. അമീർ അലി, സി. അവറാൻകുട്ടി, നാസർ മലപ്പുറം, കെ.ഒ. അലി, ഗഫൂർ ഹാജി, പി. ബഷീർ മുതുവല്ലൂർ എന്നിവർ പ്രസംഗിച്ചു.



മലപ്പുറം കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയിൽനിന്നു പരിശീലനം പൂർത്തിയാക്കിയ ആദ്യ ബാച്ച് നീര ടെക്നീഷ്യൻമാർക്കുള്ള ടാപ്പിങ് കിറ്റിന്റെ വിതരണം നിർവഹിച്ച പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾക്ക് പ്രവർത്തനരീതി വിശദീകരിച്ചു നൽകുന്ന ടെക്നീഷ്യൻമാർ. ചിത്രം: മനോരമ